## പതിനാലാം കേരള നിയമസഭ

### പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1066 30/11/2018-ൽ മറുപടിയ്ക്ക്

### ഭിന്നശേഷിക്കാർക്കുള്ള സ്വയം തൊഴിൽ പദ്ധതി

**ചോദ്യം**

ശ്രീ.ഷാഫി പറമ്പിൽ :

**മറുപടി**

ശ്രീ. ടി.പി. രാമകൃഷ്ണൻ
(തൊഴിലും എക്സൈസും
വകുപ്പ് മന്ത്രി)

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം ഭിന്നശേഷിക്കാർക്കുള്ള സ്വയം തൊഴിൽ പദ്ധതിയായ കൈവല്യയിൽ ട്രെയിനിംഗ് പൂർത്തീകരിച്ചിട്ടുള്ള ബുദ്ധിപരിമിതരായ ഭിന്നശേഷിക്കാരായവർക്കുള്ള ലോൺ തുകയായ 50000 രൂപ 2018 ജനുവരി മുതൽ പാലക്കാട് ജില്ലയിൽ വിതരണം ചെയ്തിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ എന്ന് ആരംഭിക്കുമെന്ന് അറിയിക്കാമോ; ഇല്ലെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

(എ) യും (ബി) യും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൈവല്യ പദ്ധതി പ്രകാരം അപേക്ഷ നല്കിയവർക്ക്. അപേക്ഷിച്ച തീയതിയുടെ അടിസ്ഥാനത്തിലാണ് വായ്പ വിതരണം ചെയ്യുന്നത്. പ്രസ്തുത അപേക്ഷകരിൽ അമ്പത് വയസ്സ് കഴിഞ്ഞവർക്ക് മുൻഗണന നല്കാറുണ്ട്. ഇപ്രകാരം പാലക്കാട് ജില്ലയിൽ 21/01/2017 (അപേക്ഷ തീയതി) വരെയുള്ള അപേക്ഷകർക്ക് വായ്പ വിതരണം ചെയ്തിട്ടുണ്ട്. അതിനു ശേഷമുള്ള അപേക്ഷകർക്ക് ഫണ്ടിന്റെ ലഭ്യതയുടെയും സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ തുക വിതരണം ചെയ്യുന്നതാണ്.

സെക്ഷൻ ഓഫീസർ